"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - അക്കാദമികം - നേഴ്സിംഗ് വിദ്യാഭ്യാസം - തിരുവനന്തപുരം പട്ടം ആസ്ഥാനമായി പ്രവർത്തിക്കുന്ന എസ്.ആർ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള വർക്കല എസ്.ആർ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിനോടനുബന്ധമായി ബി.എസ്.സി. നേഴ്സിംഗ് കോഴ്സ് പഠന വിഷയമായി പുതിയ നേഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിന് നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബ ക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.371/2024/H&FWD തീയതി, തിരുവനന്തപുരം, 04-12-2024

---

പരാമർശം:-

1. സ.ഉ.(അ) നം.64/2012/ആ.കു.വ തീയതി 17.02.2012.
2. 27.05.2023 തീയതിയിൽ എസ്.ആർ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാൻ സമർപ്പിച്ച അപേക്ഷ.
3. 22.06.2023 ലെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ മെ.വി.വ/3289/2023-ബി4 നമ്പർ പരിശോധന റിപ്പോർട്ട്.
4. 7.09.2024-ലെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ മെ.വി.വ/3289/2023-ബി4 നമ്പർ പുനഃപരിശോധന റിപ്പോർട്ട്.
5. 30.10.2024-ലെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ മെ.വി.വ/3289/2023-ബി4 നമ്പർ രണ്ടാം പുനഃപരിശോധന റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം പട്ടത്ത് പ്രവർത്തിക്കുന്ന എസ്.ആർ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള വർക്കല അകത്തുമുറിയിൽ സ്ഥിതിചെയ്യുന്ന എസ്.ആർ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിനോടനുബന്ധമായി ബി.എസ്.സി. നേഴ്സിംഗ് കോഴ്സ് പഠന വിഷയമായി വിമല കോളേജ് ഓഫ് നഴ്സിംഗ് എന്ന പേരിൽ 100 സീറ്റോടെ പുതിയ നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിന് എസ്.ആർ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാൻ പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവ്, ബന്ധപ്പെട്ടഇന്ത്യൻ നഴ്സിംഗ് കൗൺസിൽ റഗുലേഷനുകൾ എന്നിവ പ്രകാരമുള്ള അടിസ്ഥാനസൗകര്യങ്ങൾ സ്ഥാപനത്തിൽ ലഭ്യമാണോ എന്നത് സംബന്ധിച്ച് പരിശോധന നടത്തി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പരിശോധന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 40 വിദ്യാർത്ഥി പ്രവേശന ശേഷിയ്ക്ക് മാത്രം പര്യാപ്തമായ ഭൗതിക/ക്ലിനിക്കൽ സൗകര്യം മാത്രം സ്ഥാപനത്തിലുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

3. ഈ സാഹചര്യത്തിൽ എസ്.ആർ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റിനു കീഴിൽ വർക്കല, എസ്.ആർ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ മാതൃ ആശുപത്രിയായി വിമല കോളേജ് ഓഫ് നേഴ്സിംഗ് എന്ന പേരിൽ പുതിയ നേഴ്സിംഗ് കോളേജ് 2025-26 അധ്യയന വർഷം പ്രാബല്യത്തിൽ 40 ബി.എസ്.സി നേഴ്സിംഗ് സീറ്റുകളോടെ ആരംഭിക്കുന്നതിന് ചുവടെപ്പറയുന്ന നിബന്ധനകളോടെ അനുമതി നൽകി ഉത്തരവാകുന്നു.

എ) ബി.എസ്.സി നേഴ്സിംഗ് കരിക്കുലം, നേഴ്സിംഗ് കോളേജിന് ഉണ്ടായിരിക്കേണ്ട നിലവാരം എന്നിവ സംബന്ധിച്ച് കാലാകാലങ്ങളിൽ ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ പുറപ്പെടുവിക്കുന്ന റഗുലേഷനുകൾ നിർബന്ധമായും പാലിക്കാൻ സ്ഥാപനം ബാധ്യസ്ഥമാണ്.

ബി) പരാമർശം (1) സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരം കേരള സംസ്ഥാന നേഴ്സിംഗ് കൗൺസിൽ അംഗീകാരം, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല അഫിലിയേഷൻ, ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ അനുയോജ്യത പത്രം (Indian Nursing Council Suitability Certificate), സംസ്ഥാന സർക്കാർ നൽകുന്ന Letter of Permission (LoP) എന്നിവ ക്രമത്തിൽ കോഴ്സ് ആരംഭിക്കുന്നതിന് മുൻപ് നേടേണ്ടതാണ്.

സി) പരാമർശം (1) ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ നിബന്ധനകളും, നേഴ്സിംഗ് കോളേജുകളുടെ അംഗീകാരം സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാർ/സംസ്ഥാന നേഴ്സിംഗ് കൗൺസിൽ/കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ/ഉത്തരവുകൾ റഗുലേഷനുകൾ സ്ഥാപനം കൃത്യമായും പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ, തിരുവനന്തപുരം.
ചെയർമാൻ, എസ്.ആർ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ്, അകത്തുമുറി, വർക്കല, തിരുവനന്തപുരം.
സെക്രട്ടറി, ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ, 8-ാം നില, എൻ.ബി.സി.സി സെന്റർ, പ്ലോട്ട് നം.2, കമ്മ്യൂണിറ്റി സെന്റർ, ഓഖ്‌ല ഫേസ്-1, ന്യൂഡൽഹി- 110020.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 04-12-2024 17:12:28
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.